Talented Bankers Literary Panel
പുസ്തക പരിചയം 238

പുസ്തകം പരിചയപ്പെടുത്തുന്നത്,
ശശിധരൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RASMEC, കാഞ്ഞങ്ങാട്.

ദൈവം ഒളിവിൽ പോയ നാളുകൾ
-ഒരു ജർമൻ യാത്രാനുഭവം
എഴുത്ത് /വര - വിധു വിൻസെന്റ്

ഈ വർഷം യാത്രവിവരണം വിഭാഗത്തിൽ കേരള സാഹിത്യ അക്കാഡമി അവാർഡ് നേടിയ പുസ്തകം. പ്രശസ്ത ചലച്ചിത്രകാരി വിധു വിൻസെന്റിന്റെ യാത്ര പുസ്തകം.

..'കാടുകയറിയ വർണ്ണനകളില്ല. വാക്കുകളെക്കാൾ വാചാലമായ വരകളാണ് ഈ പുസ്തകത്തിന്റെ ജീവൻ.. കേവല ചരിത്രകാഴ്ച്ചകളല്ല ഭൂതകാലവും സമകാലവും തമ്മിലുള്ള നിരന്തര സംവാദത്തിന്റെ സാക്ഷ്യം തന്നെയായി ഈ പുസ്തകം മാറുന്നു. ദൈവം ഒളിവിൽ ആയിരുന്ന ചില ഘട്ടങ്ങൾ ലോകചരിത്രത്തിൽ ഉണ്ട്. അത്തരം ഒരു സന്ദർഭത്തിന്റെ രേഖചിത്രമാണ് ഈ പുസ്തകം..'(പ്രസാധക കുറിപ്പ് ).

ജർമ്മനിയിൽ തുടക്കവും ഒടുക്കവും കണ്ട അശ്ലീലരാഷ്ട്രീയം അല്ല ഫാസിസം. ഇക്കാലത്തും അധികാര രാഷ്ട്രീയത്തോട് ചേർന്ന് പോകുന്ന മത്തു പിടിപ്പിക്കുന്ന പ്രലോഭനവും അന്ധതയും ആണത്. അത് മനുഷ്യനെ അതല്ലാതാകുന്നു. ഭീകരവും ദുരിതദായകവുമായ ഫാസിസത്തിന്റെ പുതിയ രൂപങ്ങൾ ഇന്ത്യയിലുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാൻസർ പോലെ പടർന്നു പിടിക്കുന്ന ഈ കാലത്ത് നാസി ഭീകരതയുടെ ചരിത്രശേഷിപ്പുകളിലൂടെ ഒരു യാത്ര.

'ഞങ്ങളെന്തു പിഴച്ചു? എല്ലാം ഹിറ്റ്ലർ ചെയ്തതല്ലേ.'

പുസ്തകത്തിന്റെ രണ്ടാമത്തെ അധ്യായത്തിന്റെ തലക്കെട്ടാണിത്. ഒരു ശരാശരി ജർമ്മൻ പൗരന്റെ മനോഭാവം ഈ ഒരൊറ്റ തലക്കെട്ടിലുണ്ട്. നാസി ഭീകരതയുടെ ശേഷിപ്പുകൾ പരമാവധി നിലനിർത്താതിരിക്കാൻ ആധുനിക ജനത ശ്രമിക്കുന്നുണ്ട്.
ജർമ്മനിയിലെ ആദ്യത്തെ മാതൃക തൊഴിൽ ക്യാമ്പ് എന്നമട്ടിൽ വിശേഷിക്കപ്പെടുന്ന ദഹൗ
ക്യാമ്പിനെ പറ്റിയാണ് ഈ അധ്യായം

"First they came for the communist.

And I didn't speak out because I was not a communist.
Then they came for the socialists,
and I didn't speak out because I was not a socialist
Then they came for the trade unionist
and I didnt speak out because I was not a trade unionist.
Then they came for me,
and there was no one left to speak for me.

ഈ വരികൾ ഉദ്ധരിച്ച മാർട്ടിൻ നിയോ മില്ലെർ,1941 മുതൽ ഈ ക്യാമ്പിൽ ബൻഗറുകളിലൊന്നിൽ തടവുകാരനായിരുന്നു. ബ്യൂട്ടിഫുൾ ഡേയ്സ് ഓഫ് മൈ യുത്ത് - അന്ന നോവാക്,
If this a man - എന്നീ പുസ്തകങ്ങളിലെ അനുഭവക്കുറിപ്പുകൾ ചേർത്തു വച്ച ഈ അധ്യായം നാസി ഭീകരതയുടെ അങ്ങേയറ്റം നമ്മെ ഭീതിയോടെ ഓർമ്മിപ്പിക്കുന്നു.
ഒപ്പം കറുപ്പിലും വെളുപ്പിലുമായുള്ള വരകളും.

ഇറ്റലി, ജർമ്മനി മുതൽപ്പേർ ദേശീയതയുടെ മുകളിൽ ചവിട്ടി നിന്നുകൊണ്ടാണ് ഫാസിസത്തിലേക്കു നടന്നു കയറിയത്. തങ്ങൾ മറ്റെല്ലാവരേക്കാളും മഹത്വമുള്ളവരാണെന്നും ലോകം ഭരിക്കാൻ ജനിച്ചവരാണെന്നും ഊറ്റംകൊള്ളൽ ഈ നാടുകളിൽ രൂപപ്പെട്ടത് ദേശീയതയോടൊപ്പമാണ്.
ബ്രഹത്തായ മിനാരങ്ങളും, എടുപ്പ് കളും കൂറ്റൻ സ്റ്റേഡിയങ്ങളും പടുത്തുയർത്തുക അവയെ മാതൃക നഗരങ്ങളാക്കി പ്രദർശനം നടത്തുക ഇതൊക്കെയായിരുന്നു നാസി അജണ്ട

"... നഗരത്തിനു പുറത്തുള്ള എക്സ്പ്രസ്സ് ഹൈവേയിലൂടെ ഞങ്ങൾ ഒരു യാത്രപോയി. ഞാനും അനോഷും... എക്സ്പ്രസ്സ് ഹൈവേ അഥവാ ഓട്ടോബാനിലൂടെ നടത്തിയ യാത്ര ഒരനുഭവം തന്നെയായിരുന്നു. നമ്മുടെ നാട്ടിൽ അത്തരം പാതകൾ ഉണ്ടാകാത്തതിനെ പറ്റി അനോഷിനു പരിഭവം ഉണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശയിലാണ് ജർമ്മനിയിൽ ഹൈവേയുടെ പണി തുടങ്ങിയതെങ്കിലും നിർമ്മാണം കാര്യക്ഷമമായതു നാസി ഭരണകാലത്താണെന്നു അനോഷ് പറഞ്ഞു.... യാത്ര കഴിഞ്ഞു വീട്ടിലെത്തി ഇന്റർനെറ്റിൽ ഓട്ടോബാൻ ചരിത്രം പരതിയപ്പോൾ മനസ്സിലായി ലക്ഷക്കണക്കിന് ജൂതരുടെയും മറ്റു തടവുകാരായ അടിമപ്പണിക്കാരുടെയും ചോരയും വിയർപ്പുമുണ്ട് ഈ വഴികൾക്കെന്ന്. ഭക്ഷണം പോലുമില്ലാതെ കൊടും തണുപ്പിലും പണിയെടുക്കവേ എത്രപേർ ഈ വഴികളിൽ മരിച്ചു വീണിട്ടുണ്ടാവും? തളർന്നു വീണവരെയൊക്കെ അവിടെ തന്നെ കുഴിയെടുത്ത് അതിലേക്കു തള്ളി മണലും മെറ്റലുമിട്ടു ടാറു ചെയ്തിട്ടുണ്ടാവും...,"

ഈ കുറിപ്പെഴുതുമ്പോൾ അമർ ജവാനിലെ സൈനിക ത്യാഗങ്ങളുടെ വിളക്ക് കെടുത്തി യുദ്ധ വിജയങ്ങളുടെ പുത്തൻ വിളക്ക് ഉയർത്തുന്ന ചരിത്ര അപനിർമ്മിതിയിലാണ് രാജ്യം കടന്നുപോകുന്നത്.ദേശീയതയിൽ

ഊന്നിയുള്ള തീവ്ര മുദ്രാവാക്യങ്ങളാണ് രാജ്യം ഭരിക്കുന്നവർ മുന്നോട്ടു വയ്ക്കുന്നത്. അതിന് അവർക്ക് എപ്പോഴും ശത്രുക്കൾ ഉണ്ടാവണം. ഫാസിസ്റ്റുകൾ എന്നും ശത്രുക്കളെ നിർമിച്ചു കൊണ്ടേ യിരിക്കും. ശത്രുക്കൾ ജൂതന്മാരായും മുസ്ലിങ്ങളായും കറുത്തവരായും തൊഴിലാളികളായും പല രൂപത്തിൽ ഭാവത്തിൽ അവതരിക്കപ്പെടും. ശത്രുക്കൾ ഇല്ലാതെ ഫാസിസ്റ്റു പ്രത്യയ ശാസ്ത്രത്തിനു നിലനിൽപ്പില്ല. വികസനം എന്ന പേരിൽ എന്തും വിൽക്കപ്പെടാം എന്ന ഇടമായി ഇന്ത്യ മാറി. ഈ വികസനം ശത കോടീശ്വരൻമാരെയും പട്ടിണികൊണ്ട് മരിക്കുന്നവരെയും ഒരു പോലെ നിർമ്മിക്കുന്നു. വികസനം എന്ന കുഴലൂത്തുകാരന് പിന്നിൽ ഫാസിസവും അത് നടത്തിയ കൂട്ടക്കുരുതികളും അങ്ങ് ജർമ്മനിയിൽ എങ്ങോ നടന്ന ഒരു ചരിത്രസംഭവമായി അധികനാൾ നമുക്ക് പറയേണ്ടി വരില്ല. ഫാസിസ്റ്റു ബൂട്ടുകളുടെ പാടുകൾ സ്വന്തം വീട്ടുമുറ്റത്തു പതിഞ്ഞു കഴിഞ്ഞു എന്ന തിരിച്ചറിവിലേക്ക് അധികം വൈകാതെ തന്നെ നമുക്കും ഉണർന്ന് എഴുന്നേൽക്കേണ്ടി വരും.
ഫാസിസം അതിനെതിരെ സംസാരിക്കുന്ന നാവുകളെയാണ് ആദ്യം നിശബ്ദരാക്കുക. റോസാ ലക്സംബെർഗ്, ഗ്രാംഷി എന്നിവർ കൊല്ലപ്പെട്ടപ്പോഴും ഫാസിസത്തിനെതിരെ ചിന്തിക്കുകയും എന്നാൽ ഒരു ചെറു ശബ്ദം പോലും ഉയർത്താതെ മാറ്റനേകം ബുദ്ധിജീവികൾ ആ കറുത്ത കാലത്ത് കണ്ണും കാതും അടച്ചു ജീവിച്ചു.
നമ്മുടെ ചരിത്രം അപനിർമ്മിക്കപെടുമ്പോൾ.
അതിവേഗ പാതകളുടെ പേരിൽ നമ്മുടെ ശേഷിക്കുന്ന കുന്നുകൾ ഇടിച്ചു നിരത്തുകയും നീർത്തടങ്ങൾ മണ്ണിട്ട് മൂടുകയും ചെയ്യുമ്പോൾ.... ഇത് ഫാസിസം ആണ് എന്ന് ഉച്ചത്തിൽ വിളിച്ചു പറയാൻ നമ്മുടെ ബുദ്ധിജീവികൾക്കോ സാംസ്കാരിക നായകർക്കോ എന്തുകൊണ്ട് കഴിയുന്നില്ല. വരും തലമുറയോടെങ്കിലും ഉത്തരം പറയേണ്ടിവരും.

ചിന്ത പബ്ലിഷേഴ്സ് തിരുവനന്തപുരം
വില 230